I ഇ.ബി. XIV - കേരള നിയമസഭ /IV-7

# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മാർച്ച് 06, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

**നക്ഷത്രചിഹ്നമിടാത്ത 1189-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1189-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഗതാഗത വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II ഗവർണറുടെ സന്ദേശം

2017 മാർച്ച് 1-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## III അടിയന്തരപ്രമേയം

ബഡ്ജറ്റ് ചോർച്ച

മി. സ്പീക്കർ : 03.03.2017-ന് ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പുതന്നെ സുപ്രധാന നികുതിയിളവ് നിർദ്ദേശങ്ങൾ അടക്കമുള്ള വിശദാംശങ്ങൾ വാർത്താമാധ്യമങ്ങൾക്ക്

ചോർന്ന് പോകുകയും ഒരു ദിനപത്രത്തിൽ അന്നുരാവിലെ തന്നെ വാർത്ത പ്രസിദ്ധീകരിക്കുകയും ചെയ്തതുകൊണ്ടുണ്ടായ ഭരണഘടനാ പ്രതിസന്ധിയും സത്യപ്രതിജ്ഞാലംഘനവും ധനകാര്യ വകുപ്പുമന്ത്രിയുടെ നിരുത്തരവാദിത്വപരമായ പെരുമാറ്റവുംമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, റ്റി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പ്രതിപക്ഷം ഉന്നയിച്ചിരിക്കുന്നതുപോലെ ബഡ്ജറ്റ് രേഖ ചോർന്നിട്ടില്ല. ബഡ്ജറ്റ് പ്രസംഗം കഴിഞ്ഞതിനുശേഷം പത്രക്കാർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കിയ ഹെഡ്‌ലൈൻസ് ബഡ്ജറ്റ് പ്രസംഗമാരംഭിച്ച് ഒന്നരമണിക്കൂർ കഴിഞ്ഞപ്പോൾ അബദ്ധവശാൽ വിതരണം ചെയ്യപ്പെടുകയാണുണ്ടായത്. ഇതിന്റെ ഫലമായി സർക്കാരിന് യാതൊരുവിധ നഷ്ടം സംഭവിക്കുകയോ അനർഹമായ നേട്ടം

ആർക്കെങ്കിലുമുണ്ടാകുകയോ ചെയ്തിട്ടില്ല. പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ഈ ബഡ്ജറ്റിലുണ്ടായിട്ടില്ല. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആംനസ്റ്റിക്ക് അനുബന്ധമായിട്ടുള്ള സ്പഷ്ടീകരണങ്ങളാണ് ബഡ്ജറ്റിലുണ്ടായിരുന്നത്. അതിൽ ചിലത് നിയമസഭയ്ക്ക് പുറത്ത് സർക്കാർ പരസ്യമായി നൽകിയ ഉറപ്പുകളാണ്. പത്രങ്ങൾക്ക് നൽകാൻ തയ്യാറാക്കിയ ഹൈലൈറ്റ്സ് ചോർന്നത് ഹൗസിന്റെ പ്രിവിലേജ് ഇഷ്യൂ അല്ല. പ്രതിപക്ഷം ഉന്നയിച്ചതിന് സമാനമായി മുൻകാലങ്ങളിലുണ്ടായ സംഭവങ്ങളിൽ ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടായിട്ടുള്ളതാണ്. കൂടാതെ ഈ വിഷയത്തിൽ പ്രതിപക്ഷം സഭയ്ക്ക് പുറത്തുപോയി പത്രസമ്മേളനത്തിൽ കാര്യങ്ങൾ പറഞ്ഞതല്ലാതെ സഭയുടെ മേശപ്പുറത്ത് രേഖകളൊന്നും വച്ചിട്ടില്ല. ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിക്കുമ്പോൾ ഉള്ളടക്കം സഭയെ അറിയിക്കുന്നതാണ്. സഭയുടെ കീഴ്‌വഴക്കങ്ങളനുസരിച്ചും ഇതു സംബന്ധിച്ച മുൻകാലങ്ങളിലെ

റൂളിംഗുകൾ അനുസരിച്ചും ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിക്കേണ്ട ബഡ്ജറ്റാണ് അവതരണത്തിന് മുമ്പ് ചോർന്നിരിക്കുന്നത്. മന്ത്രിയുമായി ബന്ധപ്പെട്ട മെയിൽ ഐ.ഡി.യിൽ നിന്നാണ് മാധ്യമ പ്രവർത്തകരുൾപ്പെടെയുള്ളവർക്ക് ബഡ്ജറ്റിലെ പ്രധാനപ്പെട്ട കാര്യങ്ങൾ അയച്ചുകൊടുത്തിരിക്കുന്നത്. ബഡ്ജറ്റ് സഭയിൽ അവതരിപ്പിക്കുന്നതിന് മുമ്പായി പ്രധാന നിർദ്ദേശങ്ങളെല്ലാം ദൃശ്യമാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും വന്നുതുടങ്ങിയിരുന്നു. കൂടാതെ അന്നുരാവിലെ ഒരു ദിനപത്രവും ബഡ്ജറ്റിലെ എല്ലാ നികുതിയിളവുകളും പ്രസിദ്ധീകരിച്ചിരുന്നു. നികുതിനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള അതേ വാക്കുകളാണ് പത്രത്തിലൂടെ പുറത്തുവന്നിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നും പത്രങ്ങൾക്ക് ബഡ്ജറ്റ് വിവരങ്ങൾ ചോർത്തി നൽകുകയായിരുന്നു. അതീവ രഹസ്യസ്വഭാവമുള്ള ബഡ്ജറ്റ് ചോർത്തി

എന്നാരോപിച്ച് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയെ പ്രസ്തുത സ്ഥാനത്തുനിന്നും നീക്കം ചെയ്തിരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി, ധനകാര്യ സെക്രട്ടറി, ബഡ്ജറ്റ് തയ്യാറാക്കാൻ നിയമിക്കുന്ന ഉദ്യോഗസ്ഥർ, പ്രസ് ജീവനക്കാർ എന്നിവരൊഴികെ മറ്റാരും കാണാൻ പാടില്ലാത്ത ബഡ്ജറ്റാണ് മന്ത്രി തന്റെ പേഴ്സണൽ സ്റ്റാഫിന് കൈമാറിയത്. ധനകാര്യ വകുപ്പുമന്ത്രി വാർത്താ മാധ്യമങ്ങളിൽ സ്ഥാനം പിടിക്കാൻ വേണ്ടി നടത്തിയ ശ്രമത്തിനിടയിലാണ് ബഡ്ജറ്റ് ചോർന്നത്. മുൻകാല ചരിത്രം മാതൃകയാക്കി അടിയന്തരമായി മന്ത്രിസഭായോഗം ചേർന്ന് ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ കേസെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകണം. ബഡ്ജറ്റ് വിവരങ്ങൾ പത്രക്കാർക്ക് നൽകിയതിലൂടെ സത്യപ്രതിജ്ഞാ ലംഘനവും ഒഫീഷ്യൽ സീക്രട്ട് ആക്ടിന്റെ ലംഘനവും നിയമസഭയോടുള്ള അവഹേളനവുമാണ് ധനകാര്യ വകുപ്പുമന്ത്രി നടത്തിയിരിക്കുന്നത്. ഇക്കാര്യങ്ങൾ ഗൗരവമായി പരിഗണിച്ച് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ്</u>

ഐസക്): ബഡ്ജറ്റ് വിവരങ്ങൾ ചോർന്നിട്ടില്ല. ഏതെങ്കിലും വിദേശ ശക്തികളെ സ്വാധീനിക്കുകയോ സർക്കാരിന്റെ സുരക്ഷയെ ബാധിക്കുകയോ ചെയ്യുന്ന വിധത്തിലുള്ള വിവരങ്ങൾ നൽകിയാൽ മാത്രമേ ഒഫീഷ്യൽ സീക്രട്ട് ആക്ടിന്റെ ലംഘനമാവുകയുള്ളൂ. ഭരണഘടനയുടെ 202-ാം അനുച്ഛേദത്തിൽ അനുശാസിക്കുന്ന രഹസ്യ സ്വഭാവമുള്ളതാണെന്ന് പറയുന്ന രേഖകളും ബഡ്ജറ്റ് രേഖയുടെ ഭാഗമായിട്ടുള്ള ഡോക്യുമെന്റുകളും സഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് പുറത്തായിട്ടില്ല. ബഡ്ജറ്റ് പ്രസംഗം പകുതിയിലധികം പൂർത്തിയായശേഷമാണ് മാധ്യമങ്ങൾക്ക് വിതരണം ചെയ്യാനിരുന്ന ബഡ്ജറ്റ് ഹൈലൈറ്റ്സ് അബദ്ധവശാൽ പുറത്തായിട്ടുള്ളത്. അതല്ലാതെ ബഡ്ജറ്റുമായി ബന്ധപ്പെട്ടുള്ള യാതൊരു രേഖകളും മുൻകൂട്ടി പുറത്തുവന്നിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ വിഷയത്തിൽ യാതൊരുവിധ സത്യപ്രതിജ്ഞാ ലംഘനവുമുണ്ടായിട്ടില്ല. സഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പ് രഹസ്യ സ്വഭാവമടങ്ങിയ

ഔദ്യോഗിക ബഡ്ജറ്റ് രേഖകൾ പുറത്തുപോകുകയോ പ്രസിദ്ധീകൃതമാകുകയോ ചെയ്തിട്ടില്ല. ബഡ്ജറ്റ് പ്രസംഗത്തിന്റെ പ്രധാനഘട്ടങ്ങൾ കഴിഞ്ഞതിനുശേഷമാണ് പ്രതിപക്ഷനേതാവ് രേഖകൾ ചോർന്നുവെന്ന ആരോപണം സഭയിൽ ഉന്നയിക്കുന്നത്. ഈ വിഷയത്തിൽ ചീഫ് സെക്രട്ടറി അന്വേഷണം നടത്തുകയും തന്നിലർപ്പിതമായ ചുമതലയുടെ നിർവ്വഹണത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്ത് ഒരു വീഴ്ചയും ഉണ്ടായിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഭരണഘടനയുടെ ഒഫീഷ്യൽ സീക്രട്സ് ആക്ടിലെയോ നിയമസഭാ നടപടിക്രമങ്ങളിലെയോ വ്യവസ്ഥകളുടെ ലംഘനം ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥന് ശ്രദ്ധക്കുറവുണ്ടായെന്ന ചീഫ് സെക്രട്ടറിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥനെ മാറ്റിനിർത്തിയിട്ടുണ്ട്. സഭയിൽ അവതരിപ്പിച്ച ജനക്ഷേമ ബഡ്ജറ്റിന്റെ നിറംകെടുത്തുന്നതിനാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ രാജിക്കായി പ്രതിപക്ഷം മുറവിളികൂട്ടുന്നത്. ബഡ്ജറ്റ് മുഴുവനായി

ചോർത്തി പ്രസിദ്ധീകരിച്ച സംഭവത്തിൽപ്പോലും അവകാശ ലംഘനമുണ്ടായിട്ടില്ലെന്നാണ് ഈ സഭയിലും സമാന സാഹചര്യമുണ്ടായപ്പോൾ ലോക്സഭയിലും സ്പീക്കർ റൂൾ ചെയ്തത്. സഭയുടെയോ സാമാജികരുടെയോ അവകാശലംഘനമെന്ന പേരിൽ ഇവിടെ ഉന്നയിക്കുന്ന ആരോപണങ്ങൾ അംഗീകരിക്കാനാകില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അതീവ രഹസ്യ സ്വഭാവമുള്ള ബഡ്ജറ്റ് രേഖകൾ ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥന്റെ കയ്യിൽ ലഭിച്ചുവെന്നത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. ബഡ്ജറ്റ് പ്രസംഗത്തിന് മുമ്പുതന്നെ പുതിയ നികുതി നിർദ്ദേശങ്ങൾ മുഴുവനും ദിനപത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റ് ചോർന്നതിന് ധാരാളം തെളിവുകൾ നൽകിയിട്ടും അതിനെ നിസ്സാരവത്ക്കരിക്കുന്ന നിലപാട് ശരിയല്ല. ബഡ്ജറ്റ് വിവരങ്ങൾ മുൻകൂട്ടി ആവശ്യക്കാർക്ക് ചോർത്തി നൽകിയിട്ടുണ്ടോയെന്ന കാര്യം ഗൗരവമായി

പരിശോധിക്കേണ്ടതാണ്. ഒഫീഷ്യൽ സീക്രട്ട് ആക്ടിന്റെയും ഐ.പി.സി. 120 (ബി) യുടെയും ലംഘനം നടത്തിയിട്ട് അതിന്റെ ഉത്തരവാദിത്തം പി.എ.യുടെമേൽ ഏൽപ്പിച്ച് രക്ഷപ്പെടാനാണ് ധനകാര്യവകുപ്പുമന്ത്രി ശ്രമിക്കുന്നത്. പ്രസ്തുത വിഷയം നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണം. യാതൊരുവിധ പരിശോധനയും കൂടാതെയാണ് ബഡ്ജറ്റ് ചോർന്നിട്ടില്ലെന്ന് ചീഫ് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുള്ളത്. ഈ അനിതരസാധാരണ സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. ശ്രീ. കെ. എം. മാണി, ശ്രീ. ഒ. രാജഗോപാൽ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം സഭ വിട്ട് പുറത്തുപോയി)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) നിവേദിത പി. ഹരൻ റിപ്പോർട്ട്

ശ്രീ. എസ്. രാജേന്ദ്രൻ: നിവേദിത പി. ഹരൻ റിപ്പോർട്ട് നിലവിൽ

വന്നശേഷം ഇടുക്കി മേഖലയിൽ യാതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ സാധിക്കാതെ ജനജീവിതം ദു:സ്സഹമായിരിക്കുകയാണ്. ഈ റിപ്പോർട്ട് മരവിപ്പിക്കാനും പുന:പരിശോധന നടത്തി ജനജീവിതം സാധ്യമാക്കാനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഇക്കാര്യം ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഇടുക്കി ജില്ലയിലെ വട്ടവട കൊട്ടക്കാമ്പൂർ വില്ലേജുകളിലുള്ള കുറിഞ്ഞിമല സാങ്ച്വറിയിലെ സർക്കാർ ഭൂമി ഉൾപ്പെടെയുള്ള എല്ലാ ഭൂമി പ്രശ്നങ്ങളും പരിശോധിക്കുന്നതിനായി ഡോ. നിവേദിത പി. ഹരനെ നിയോഗിച്ചതനുസരിച്ച് 23.10.2014-ന് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് 15 നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വട്ടവട കൊട്ടക്കാമ്പൂർ വില്ലേജുകളിലെ പട്ടയങ്ങളുടെ പരിശോധന നടക്കുന്നത്. കൈവശ രേഖയോ നിർമ്മാണാനുമതിയോ ലഭിക്കുന്നതിന് പ്രത്യേക തടസ്സങ്ങളൊന്നുമില്ല.

ഹൈക്കോടതി വിധി പ്രകാരമാണ് മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നിർബന്ധമാക്കിയത്. എൻ.ഒ.സി.ക്കായി ലഭിച്ച 129 അപേക്ഷകളിൽ 104 എണ്ണത്തിന് എൻ.ഒ.സി. നൽകുകയും ബാക്കിയുള്ളവ സൈറ്റ് വിസിറ്റിന് വച്ചിരിക്കുകയുമാണ്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.31-ന് നിർത്തിവച്ച സഭ 11.05-ന് പുന:രാരംഭിച്ചു.)

<u>ശ്രീ. കെ. എം. മാണി</u> : ബഡ്ജറ്റിന്റെ പ്രസക്തി നഷ്ടപ്പെട്ടുവെന്നുള്ളതുകൊണ്ട് പൊതു ചർച്ചയിൽ പങ്കെടുക്കുന്നില്ല. ബാക്കി നടപടിക്രമങ്ങളിൽ സഹകരിക്കുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ബഡ്ജറ്റ് ചോർന്നതുമായി ബന്ധപ്പെട്ട ആരോപണത്തെ സംബന്ധിച്ച് ചീഫ് സെക്രട്ടറി നടത്തുന്ന പരിശോധനാ റിപ്പോർട്ടിന്റെ ഒരു ഭാഗം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പൂർണ്ണമായ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അതിൽ ഗൗരവമായ

സാഹചര്യങ്ങളുണ്ടെങ്കിൽ ക്യാബിനറ്റിൽ അവതരിപ്പിക്കുന്നതും യുക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. അതുകൊണ്ട് ബഡ്ജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കാൻ പ്രതിപക്ഷം തയ്യാറാകണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ഇന്ത്യൻ ചരിത്രത്തിലോ കേരള ചരിത്രത്തിലോ ഉണ്ടാകാത്ത സംഭവമാണ് ഇത്. ഇത്തരം സംഭവം ഭാവിയിൽ ഉണ്ടാകാൻ പാടില്ലെന്നതുകൂടി കണക്കിലെടുത്താണ് പ്രതിപക്ഷം ഈ വിഷയം ഉന്നയിച്ചത്. അല്ലാതെ സഭാനടപടികൾ അനാവശ്യമായി തടസ്സപ്പെടുത്താൻ ഉദ്ദേശിച്ചല്ല. ഇത് ഭാവിയിൽ ഒരു കീഴ്വഴക്കമായി വരാൻ പാടില്ല. ചീഫ് സെക്രട്ടറിയുടെ വിശദമായ റിപ്പോർട്ട് ക്യാബിനറ്റിൽവച്ച് യുക്തമായ നടപടി സ്വീകരിക്കാമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയിരിക്കുന്നത് നല്ല കാര്യമാണ്. ഇതുസംബന്ധിച്ച് ഞാൻ വിശദമായ കത്ത് നൽകുന്നതാണ്. വിലക്കയറ്റം, അരിക്ഷാമം, വരൾച്ച തുടങ്ങിയ നിരവധി ജനകീയ പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സഭാനടപടികളിൽനിന്ന് വിട്ടുനിന്നുകൊണ്ട് അത്തരം പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കാനുള്ള

അവസരം നഷ്ടപ്പെടുത്തുന്നത് ശരിയല്ല എന്ന വിവേകം പ്രതിപക്ഷത്തിനുണ്ടെന്നതിനാൽ സഭാനടപടികളുമായി സഹകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതോടൊപ്പം നിയമപരമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. വരൾച്ച, അരി ക്ഷാമം, കേന്ദ്ര സർക്കാരിന്റെ നിസ്സഹകരണം തുടങ്ങിയ ജനകീയ പ്രശ്നങ്ങൾ സഭ ചർച്ച ചെയ്യണമെന്നുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ചർച്ചയിൽ പങ്കെടുക്കണമെന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

<u>മി. സ്പീക്കർ</u> : സഭാനടപടികൾ അല്പസമയം തടസ്സപ്പെട്ടതിന്റെ പേരിൽ സഭയിൽ അവതരിപ്പിക്കാനുള്ള സാമാജികരുടെ അവകാശങ്ങൾക്ക് തടസ്സമുണ്ടാകരുതെന്ന് പൊതുവേ ധാരണയായതിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനും അവതരിപ്പിക്കാൻ അനുവാദം നൽകുകയാണ്.

(ശ്രദ്ധക്ഷണിക്കൽ - തുടർച്ച)

## (2) വിമാന സർവ്വീസ് പുന: രാരംഭിക്കൽ

ശ്രീ. വി. ടി. ബൽറാം: കോഴിക്കോട് എയർപോർട്ടിൽനിന്ന് കഴിഞ്ഞ 14 വർഷമായി യാതൊരു സുരക്ഷാ ഭീഷണിയുമില്ലാതെ പ്രവർത്തിച്ചുവന്നിരുന്ന അന്താരാഷ്ട്ര വിമാന സർവ്വീസുകൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ റൺവേയുടെ റീകാർപ്പറ്റിംഗ്, റീസ്സൈങ്തനിംഗ് തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ പണി പൂർത്തീകരിച്ച് രണ്ട് വർഷമായിട്ടും പഴയ രീതിയിൽ വലിയ എയർക്രാഫ്റ്റുകൾക്ക് കോഴിക്കോട് വിമാനത്താവളത്തിൽനിന്ന് സർവ്വീസ് നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. റൺവേയുടെ നീളം 10500 അടിയായി വർദ്ധിപ്പിക്കണമെന്ന ചില അധിക നിബന്ധനകൾ കേരളത്തിനുമാത്രം അടിച്ചേൽപ്പിച്ച് തകർക്കാനുള്ള നീക്കങ്ങളാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. കോഴിക്കോട് വിമാനത്താവളത്തിൽനിന്ന് വിദേശരാജ്യങ്ങളിലേയ്ക്ക് നേരിട്ട് വലിയ സർവ്വീസുകൾ പുന:രാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താനും ഈ

വിഷയത്തിൽ സഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി സർവ്വകക്ഷി നിവേദക സംഘം സിവിൽ ഏവിയേഷൻ മന്ത്രിയെയും പ്രധാനമന്ത്രിയെയും കണ്ട് അനുകൂല നിലപാട് നേടാനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോഴിക്കോട് എയർപോർട്ടിൽ നിലവിലുള്ള റൺവേയുടെ നീളം 2850 മീറ്ററിൽ നിന്നും 3400 മീറ്ററായും റൺവേ സ്ട്രിപ്പിന്റെ വീതി 300 മീറ്ററായും വർദ്ധിപ്പിക്കുകയും റൺവേ എൻഡ് സേഫ്റ്റി ഏരിയ നിയമാനുസൃതം 240 മീറ്ററാക്കുകയും ചെയ്താൽ മാത്രമേ വലിയ വിമാനങ്ങൾ ഇറക്കാൻ സാധിക്കുകയുള്ളൂവെന്നാണ് സിവിൽ ഏവിയേഷന്റെ നിലപാട്. ഇതിനായി വ്യോമയാന മന്ത്രിയുമായും കേന്ദ്രഗവൺമെന്റുമായും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്താൻ ഒരു സംഘത്തെ അയയ്ക്കുമെന്ന് സിവിൽ വ്യോമയാന മന്ത്രി നിർദ്ദേശിച്ചിരുന്നു. ഇപ്പോൾ മെയിന്റനൻസ് വർക്കും റീ കാർപ്പറ്റിംഗും പൂർത്തിയായ സാഹചര്യത്തിൽ വലിയ വിമാനങ്ങൾ ഇറക്കാനുള്ള സൗകര്യമുണ്ടാക്കാൻ തുടർച്ചയായി കേന്ദ്രത്തിൽ സമ്മർദ്ദം

ചെലുത്തുകയാണ്. ഇതിനായി സ്ഥലം ഏറ്റെടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഴയ നിലയിൽ വിമാന സർവ്വീസ് നടത്തിയാൽ മാത്രമേ കോഴിക്കോട് എയർപോർട്ടിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകൂ. ഇത്തവണ ഹജ്ജ് യാത്രയ്ക്കുള്ള വിമാനങ്ങൾ ഇവിടെനിന്നുതന്നെ പുറപ്പെടണമെന്ന് കേന്ദ്രത്തെ അറിയിച്ചിരുന്നുവെങ്കിലും അനുകൂല നിലപാടുണ്ടായില്ല. ഡി.ജി.സി.എ.-യുടെ നിബന്ധനകൾ അനുസരിച്ച് മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

## V സബ്മിഷൻ

### (1) മിഠായി തെരുവിലെ തീപിടുത്തം

ഡോ. എം. കെ. മുനീർ: കോഴിക്കോട് മിഠായി തെരുവിലുണ്ടാകുന്ന തീപിടുത്തം തടയുന്നതിനായി ഇലക്ട്രിസിറ്റി അണ്ടർ കേബ്ലിംഗ് ആക്കാനും ഫയർഫോഴ്സിന് ആവശ്യമായ എക്യുപ്മെന്റ്സുകൾ നൽകാനും ഫയർ എഞ്ചിന്റെ സഹായംകൂടാതെ വെള്ളം എത്തിക്കാനുള്ള 20 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കാനും തീപിടുത്തമുണ്ടായാൽ അന്വേഷിക്കുന്നതിന് എക്സ്പെർട്ട് ഗ്രൂപ്പിനെ നിയമിക്കാനും നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മിഠായി തെരുവിൽ നിരന്തരം തീപിടുത്തമുണ്ടാകുന്നതിനാൽ ഫയർ സ്റ്റേഷൻ കൂടുതൽ ശക്തമാക്കുക എന്നത് നല്ല കാര്യം തന്നെയാണ്. തീപിടുത്തമുണ്ടായപ്പോൾ ഫയർ ഫോഴ്സും റവന്യൂ അധികാരികളും പോലീസും നല്ല ഇടപെടലാണ് നടത്തിയത്. ഇടയ്ക്കിടയ്ക്ക് തീപിടുത്തമുണ്ടാകുന്നതിന്റെ കാരണം കണ്ടെത്താൻ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിനും എന്തൊക്കെ സുരക്ഷാ നടപടികൾ സ്വീകരിക്കാമെന്നത് സംബന്ധിച്ച് ആലോചിക്കുന്നതും ഇവിടെ സൂചിപ്പിച്ച നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## (2) ധനസഹായം

ശ്രീ. പി. കെ. അബ്ദു റബ്ബ് : നന്നമ്പ്ര പഞ്ചായത്തിലെ കൊടുഞ്ഞി ഫറൂഖ് നഗറിലുള്ള അനിൽ കുമാർ എന്ന ഫൈസലിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തിനായി ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കാനും അദ്ദേഹത്തിന്റെ കുടുംബത്തിന്

ധനസഹായവും വിധവയ്ക്ക് സർക്കാർ ജോലിയും നൽകാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിൽ കൊടുഞ്ഞി ഫറൂഖ് നഗറിൽ താമസിക്കുന്ന അനന്തകൃഷ്ണൻ നായർ മകൻ മണി എന്ന അനിൽ കുമാർ സൗദി അറേബ്യയിൽവച്ച് ഇസ്ലാംമതം സ്വീകരിച്ച് ഫൈസൽ എന്ന് പേര് മാറ്റിയിട്ടുണ്ട്. 19-11-2016 രാവിലെ 4.45-ന് താനൂർ റെയിൽവേ സ്റ്റേഷനിലേയ്ക്ക് പോകുന്ന വഴി നന്നമ്പ്ര പഞ്ചായത്തിലെ പനക്കത്തായം റോഡിൽവച്ച് ഫൈസലിനെ ഒരു സംഘം ആളുകൾ കൊലപ്പെടുത്തുകയുണ്ടായി. ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ മലപ്പുറം ജില്ലാ ഡിവൈ.എസ്.പി.-ക്കാണ് കേസിന്റെ അന്വേഷണച്ചുമതല. ഫൈസലിന്റെ വിധവയ്ക്ക് സർക്കാർ ജോലിയും കുടുംബത്തിന് ധനസഹായവും നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## (3) പുനരധിവാസം

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: വികസന പ്രവർത്തനങ്ങൾക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട പ്രദേശത്തെ വ്യാപാര സ്ഥാപനങ്ങൾ പുന:സ്ഥാപിക്കുന്നതിനുള്ള ഒരു പാക്കേജ് തയ്യാറാക്കുന്നതിനും കോഴിക്കോട് മാനാഞ്ചിറ വെള്ളിമാട്ടുകുന്ന് റോഡ് വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെട്ട വ്യാപാരികളെയും തൊഴിലാളികളെയും പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): വികസനാവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ന്യായവും നീതിയുക്തവുമായ നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതനുസരിച്ച് കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ-വെള്ളിമാട്ടുകുന്ന് റോഡ് വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികളുടെയും തൊഴിലാളികളുടെയും പുനരധിവാസത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) ഏനാത്ത് പാലത്തിന്റെ പുനർനിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി: ഏനാത്ത് പാലത്തിന്റെ പുനർനിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനും ചെറിയ വാഹനങ്ങളുടെ സഞ്ചാരത്തിനായുള്ള ബെയ്‌ലി പാലം അടിയന്തരമായി നിർമ്മിക്കുന്നതിനും പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി പൊളിച്ച റോഡ് ടാർ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഏനാത്ത് പാലത്തിന്റെ ഫൗണ്ടേഷനിലുണ്ടായ തകരാർമൂലം പാലം അപകടാവസ്ഥയിലായതിനാൽ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മാണം നടന്നുവരികയുമാണ്. ചെറിയ വാഹനങ്ങളുടെ ഗതാഗതത്തിനായുള്ള ബെയ്‌ലി പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഏനാത്ത് പാലത്തിൽ ബലക്ഷയം കണ്ടെത്തിയതിനെത്തുടർന്ന് മൂവായിരത്തോളം പാലങ്ങൾ പരിശോധിച്ചതിൽ മുന്നൂറിലേറെ പാലങ്ങൾ പൊളിച്ച് പണിയേണ്ടതുണ്ടെന്നും ആയിരത്തിലേറെ പാലങ്ങൾക്ക്

അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) ചെർക്കാരം പാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. ബി. സത്യൻ: ചെർക്കാരം പാലത്തിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചെർക്കാരം പാലം പുനർനിർമ്മാണത്തിനായി അഞ്ചുകോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും സാധ്യതാ പഠനം നടത്തി ഡിസൈൻ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്. 62 വർഷം പഴക്കമുള്ള ഈ പാലം പൊളിച്ച് പണിയാനാണ് ഉദ്ദേശിക്കുന്നത്. 10.5 മീറ്റർ വീതിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പാലത്തിന്റെ ഗാർഡ്സ് റോഡിന്റെയും സംരക്ഷണ ഭിത്തിയുടെയും പണി പൂർത്തിയായിട്ടുണ്ട്.

(6) പ്രാദേശിക - ആസ്തി വികസന ഫണ്ടുകൾ

ശ്രീ. കെ. വി. വിജയദാസ്: എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും ആസ്തി

വികസന ഫണ്ടിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ.ടി.എം. തോമസ് ഐസക്): ആസ്തി വികസനമല്ലാത്ത പദ്ധതികൾ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്താൻ സാധ്യമല്ല. നിലവിലുള്ള ഉത്തരവുകൾ പരിശോധിച്ച് ഫണ്ടിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (7) ശമ്പള പരിഷ്കരണം

ശ്രീമതി ഇ.എസ്. ബിജിമോൾ: ഫാം തൊഴിലാളികൾക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഫാം തൊഴിലാളികളുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ഫയൽ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന നൽകി എത്രയും വേഗം അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(8) നഷ്ടപരിഹാരം

ശ്രീ. വി. അബ്ദുറഹിമാൻ: 2014-15-ൽ താനൂർ മണ്ഡലത്തിലുണ്ടായ കൃഷി നാശം സംബന്ധിച്ച് പരിശോധന നടത്താത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ഈ വർഷം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കൃഷി നാശം സംഭവിച്ചയിടങ്ങളിൽ യഥാസമയം പരിശോധന നടത്താത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഈ വർഷം 30353 ഹെക്ടർ സ്ഥലത്ത് കൃഷി നശിച്ചിട്ടുണ്ട്. 2012 മുതൽ 2016 വരെ ഈ ഇനത്തിൽ നൽകാനുണ്ടായിരുന്ന 116.53 കോടി രൂപയിൽ 77.09 കോടി രൂപ ഈ സർക്കാർ കൊടുത്തുകഴിഞ്ഞു. മലപ്പുറം ജില്ലയ്ക്കായി 25.02.2017-ൽ രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്. വരൾച്ചമൂലമുള്ള കൃഷി നാശത്തിന് കേന്ദ്ര ഫണ്ട് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(9) ആഴക്കടൽ മണൽ ഖനനം

ശ്രീ. ഹൈബി ഈഡൻ: ആഴക്കടൽ മണൽ ഖനനം നടത്തുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതം ചെറുക്കുന്നതിനും മത്സ്യബന്ധന-അനുബന്ധ മേഖലകളിലെ തൊഴിലാളികൾ നേരിടുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രസ്തുത ഖനനത്തിൽനിന്നും സർക്കാർ പിന്മാറണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): നിർമ്മാണ മേഖലയിലെ മണലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മറൈൻ കോസ്റ്റൽ സർവ്വേ വിഭാഗം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ പടിഞ്ഞാറുഭാഗത്തെ സമുദ്രത്തിൽ നിന്നും ആഴക്കടൽ മണൽ ഖനനം നടത്തുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചത്. എന്നാൽ, പൊതുവിൽ മത്സ്യമേഖലയേയും മത്സ്യസമ്പത്തിനെയും പ്രത്യേകിച്ച് ആവാസ വ്യവസ്ഥയെയും ഇത്

എങ്ങനെ ബാധിക്കുമെന്നുള്ളത് സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. മത്സ്യത്തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ ഇത്തരം പദ്ധതികൾ നടപ്പിലാക്കുകയുള്ളൂ.

(10) കരിങ്കൽ ഖനനം

ശ്രീ. വി. ഡി. സതീശൻ: സർക്കാർ ലീസ് ലാന്റിൽ കരിങ്കൽ ഖനനം നടത്തുന്നതിന് റൂൾസിൽ ഭേദഗതി വരുത്തുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിൽ നിന്നും പിൻമാറണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സർക്കാർ ലീസ്

ലാന്റിൽ കരിങ്കൽ ഖനനത്തിന് അനുമതി നൽകുന്നതിനായി ഭൂപതിവ് ചട്ടത്തിൽ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയതല്ലാതെ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. ഇക്കാര്യം വിശദമായി പരിശോധിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## VI മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ റവന്യൂ വിഭാഗത്തിന്മേലുള്ള റിപ്പോർട്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) മേശപ്പുറത്തുവച്ചു.

## VII പ്രമേയം

മുഖ്യമന്ത്രിക്ക് മധ്യപ്രദേശിൽ നിന്നുണ്ടായ വധഭീഷണി

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരെ മധ്യപ്രദേശിലെ

ഒരു സംഘപരിവാർ-ആർ.എസ്.എസ്. നേതാവ് നടത്തിയ വധഭീഷണിയെ ഈ സഭ അപലപിക്കുന്നു. തലകൊയ്യാൻ ഒരു കോടി രൂപ പ്രതിഫലം നൽകുമെന്ന മനുഷ്യത്വവിരുദ്ധമായ പ്രസ്താവനയുമായി അവിടത്തെ ഭരണാധികാരികളിൽ ചിലരുടെ സാന്നിദ്ധ്യത്തിൽ ഭീഷണി മുഴക്കിയവർക്കെതിരെ പ്രസക്തമായ നിയമവകുപ്പുകൾ ഉപയോഗിച്ച് കേസെടുക്കണമെന്ന് മധ്യപ്രദേശ് സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുകയും ചെയ്യുന്നു.

അരനൂറ്റാണ്ടിലേറെയായി രാഷ്ട്രീയ നേതാവ്, നിയമസഭാംഗം, മന്ത്രി എന്നീ നിലകളിൽ വ്യത്യസ്ത ഘട്ടങ്ങളിൽ പൊതുമണ്ഡലത്ത് പ്രവർത്തിച്ചുപോരുന്ന കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരായ വധഭീഷണിയിൽ കേരള ജനതയ്ക്കുള്ള ഉൽക്കണ്ഠയിലും ആശങ്കയിലും ഈ സഭ പങ്കുചേരുന്നു.

സമാധാനപരവും മതനിരപേക്ഷവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങൾ അസാധ്യമാക്കുന്നതും ആശയങ്ങളെ ആശയങ്ങൾ കൊണ്ടല്ലാതെ, അതുയർത്തുന്ന വ്യക്തികളെ ആയുധംകൊണ്ട്

നേരിടുന്നതുമായ വിപൽക്കരമായ സംസ്കാരത്തെ ഒറ്റക്കെട്ടായി ജനങ്ങൾ ചെറുത്തുതോൽപ്പിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേരളത്തിന്റെ മുഖ്യമന്ത്രിയുടെ തലകൊയ്യാൻ ഒരു കോടി രൂപ പ്രതിഫലം നൽകുമെന്ന മധ്യപ്രദേശിലെ സംഘപരിവാർ-ആർ.എസ്.എസ്.നേതാവിന്റെ പ്രസംഗം തികച്ചും അപലപനീയമാണെന്നു മാത്രമല്ല, ഇന്ത്യയുടെ മതേതരത്വത്തിനെതിരായ കടുത്ത വെല്ലുവിളിയുമാണ്. ഈ സംഭവത്തിൽ മധ്യപ്രദേശ് ഗവൺമെന്റ് നിസ്സാരവകുപ്പ് ചുമത്തിയാണ് കേസ്സെടുത്തിരിക്കുന്നത്. ഈ പ്രമേയത്തെ പിന്താങ്ങുന്നതോടൊപ്പം രാജ്യത്തെ മതേതര ജനാധിപത്യ വിശ്വാസികളെയാകെ ഞെട്ടിപ്പിച്ച ഈ സംഭവത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പ്രമേയത്തെ പിന്താങ്ങുന്നു. ഇന്ത്യയ്ക്ക് മാതൃകയായി സാമൂഹ്യ രംഗങ്ങളിലും മറ്റും ഉയർന്ന നിലവാരം പുലർത്തുന്ന കേരളത്തിന്റെ മുഖ്യമന്ത്രിക്കെതിരെ നടത്തിയ പരാമർശത്തെ ഗൗരവമായി കാണണം. ഇക്കാര്യത്തിൽ ശക്തമായി പ്രതിഷേധിക്കുകയും പ്രമേയത്തോട്

യോജിക്കുകയും ചെയ്യുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VIII ക്രമപ്രശ്നം

<u>ബഡ്ജറ്റിനോടൊപ്പം രേഖകൾ സമർപ്പിക്കാത്തത് സംബന്ധിച്ച്</u>

<u>ശ്രീ. എം. ഉമ്മർ</u>: ഭരണഘടനയുടെ ആർട്ടിക്കിൾ 202 അനുസരിച്ചുള്ള വാർഷിക ധനവിവര പത്രികയും 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ (ഭേദഗതി) ബിൽ 3(8) പ്രകാരം ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും ടി ആക്ടിൽ വ്യവസ്ഥ ചെയ്തപ്രകാരം ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നുമുള്ള ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും സംസ്ഥാന വാർഷിക ബഡ്ജറ്റിനോടൊപ്പം സമർപ്പിച്ചിട്ടില്ല. ഇതിലൂടെ ആക്ടിന്റെയും ഭരണഘടനയുടെയും ലംഘനമാണ് നടത്തിയിരിക്കുന്നത്. ഇതുസംബന്ധിച്ച് റൂളിംഗ് നൽകണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : കിഫ്ബിയുടെ

ധനാഗമമാർഗ്ഗങ്ങളും വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും, ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും സംസ്ഥാന ബഡ്ജിറ്റിനോടൊപ്പം യഥാസമയം സഭയിൽ സമർപ്പിക്കാത്തത് കിഫ്ബി നിയമത്തിന്റെ ലംഘനമാണ്. ഇക്കാര്യത്തിൽ റൂളിംഗ് നൽകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്ടിലെ 3(8) വകുപ്പുപ്രകാരം സംസ്ഥാന വാർഷിക ബഡ്ജറ്റിന്റെ അവതരണത്തോടൊപ്പം ബോർഡിന്റെ ധനാഗമമാർഗ്ഗങ്ങളും അവയുടെ വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റും ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കിക്കൊണ്ടുള്ള ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും നിയമസഭയിൽ സമർപ്പിക്കേണ്ടതാണ്. സാമ്പത്തികവർഷം പൂർത്തിയായി ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് ലഭ്യമായാൽ മാത്രമേ ബോർഡിന്റെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച

ആധികാരിക റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ടി വകുപ്പുപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് അടുത്ത ബഡ്ജറ്റ് രേഖകളോടൊപ്പം മാത്രമേ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

ഇക്കാരണത്താലാണ് 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരണത്തോടൊപ്പം സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്താതിരുന്നത്. 07-11-2016-ൽ കൂടിയ പുന:സംഘടിപ്പിക്കപ്പെട്ട കിഫ്ബി-യുടെ പ്രഥമ യോഗം Kerala Infrastructure Investment Fund (Amendment) Act, 2016-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ രൂപീകരിക്കാൻ തീരുമാനം കൈക്കൊണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിച്ചില്ല. കൂടാതെ ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയുടെ SPV പദ്ധതി പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും തുടർന്ന് കോൺട്രാക്ട് ഒപ്പിടുന്നതോടൊപ്പം പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട work break down structures ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുമാണ്. ഈ സംവിധാനം

അനുസരിച്ച് പദ്ധതി നിർവ്വഹണച്ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവനദാതാവ് മുതലായവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമാക്കുന്ന ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബി-യിൽ ഏർപ്പെടുത്തുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. പദ്ധതി നിർവ്വഹണ ഏജൻസികൾ നിർവ്വഹണ പ്രക്രിയ ആരംഭിച്ച് ബില്ലുകൾ പ്രകാരം പേമെന്റ് നിർദ്ദേശിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നതാണ്. ടി കാരണങ്ങളാൽ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ : കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ വകുപ്പ് 3 (8) പ്രകാരം സംസ്ഥാന ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ട രേഖകൾ ഏതാണെന്ന് വ്യക്തമായി പരാമർശിക്കപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിച്ചത് തൃപ്തികരമാണ്. 2016-ലെ ഭേദഗതി നിയന്ത്രണ നിയമത്തിലൂടെയാണ് ഈ പുതിയ

വ്യവസ്ഥ നിലവിൽ വന്നത്. അതിനുശേഷമുള്ള ആദ്യ ബഡ്ജറ്റാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. അടുത്ത വർഷം മുതൽ ഈ രേഖകൾ സഭയിൽ സമർപ്പിക്കേണ്ടതാണെന്നും ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

## IX ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. വി. ശശി): ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭാവികേരളത്തിന് അടിത്തറ പാകുന്ന വികസന പരിപ്രേക്ഷ്യം മുന്നോട്ടുവയ്ക്കുന്നതിനാണ് ബഡ്ജറ്റിലൂടെ ശ്രമിച്ചിരിക്കുന്നത്. വിലക്കയറ്റം നേരിടുന്നതിന് തുക വകയിരുത്തിയതും സ്ത്രീശാക്തീകരണവും സ്ത്രീകൾക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതും അഭിനന്ദനാർഹമാണ്. ഭാവിയെ മുന്നിൽക്കണ്ട് പുതിയ തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കുന്നതും പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ലെന്നുള്ളതും ഈ ബഡ്ജറ്റിലെ എടുത്തുപറയേണ്ട

പ്രത്യേകതകളാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പ്രധാനപ്പെട്ട എല്ലാ വികസന പ്രവർത്തനങ്ങളും എല്ലാ മണ്ഡലങ്ങൾക്കും ലഭിക്കത്തക്കരീതിയിലാണ് ബഡ്ജറ്റ് വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ താലൂക്കാശുപത്രികൾക്കും ജില്ലാ ആശുപത്രികൾക്കും ഒരുപോലെ പദ്ധതി വിഹിതം അനുവദിച്ചിട്ടുണ്ട്. മലയോര-തീരദേശ ഹൈവേ, വനിതകൾക്ക് പ്രത്യേക വകുപ്പ്, കോഴിക്കോട്-തിരുവനന്തപുരം മെട്രോ റെയിൽ, 60 വയസ്സ് കഴിഞ്ഞ അർഹതയുള്ള എല്ലാവർക്കും പെൻഷൻ, ആർദ്രം പദ്ധതി, പൊതുവിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുള്ള 1500 കോടി രൂപയുടെ പ്രത്യേക പദ്ധതി, ഹരിത കേരളം പദ്ധതി, എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വാത്സല്യനിധി, പുതിയതായി പതിനായിരത്തിലധികം തസ്തികകൾ, 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ്, 1000 കലാകാരന്മാർക്ക് ഫെലോഷിപ്പ്, ജീവനക്കാർക്കും അദ്ധ്യാപകർക്കും മെഡിക്കൽ ഇൻഷ്വറൻസ്, ജീവിതശൈലീ രോഗബാധിതർക്കും ദീർഘചികിത്സ തേടുന്നവർക്കും മാനസിക വൈകല്യമുള്ളവർക്കും ആശ്വാസ പദ്ധതികൾ, കടക്കെണിയിൽപ്പെട്ടവർക്ക് സംരക്ഷണം തുടങ്ങി

നിരവധി പദ്ധതികളും റേഷൻ വിതരണത്തിന് 900 കോടി രൂപയും മാൻഹോൾ ക്ലീനിംഗിന് 4 കോടി രൂപയും സെപ്റ്റേജ് യൂണിറ്റുകൾക്ക് 150 കോടി രൂപയും വകയിരുത്തിയത് അഭിനന്ദനീയമാണ്. പട്ടിക ജാതി/പട്ടികവർഗ്ഗ മേഖലയ്ക്കുള്ള ആനുകൂല്യവും ക്ഷേമ പെൻഷനും അംഗൻവാടി നഴ്സറി ടീച്ചർ - ആശാവർക്കർമാർ എന്നിവരുടെ വേതനവും പ്രവാസി പെൻഷനും വർദ്ധിപ്പിച്ച നടപടി ശ്ലാഘനീയമാണ്. നീതി ആയോഗ് നിലവിൽ വരുമ്പോൾ വികസന പ്രവർത്തന രംഗത്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏകോപനം ഏത് രീതിയിലായിരിക്കുമെന്നും ഇക്കാര്യത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ റോൾ എന്തായിരിക്കുമെന്നും സെൻട്രലി സ്പോൺസേർഡ് സ്കീമുകൾക്കുള്ള മാച്ചിംഗ് ഗ്രാന്റ് പഴയ രീതിയിൽത്തന്നെ കേന്ദ്ര ഗവൺമെന്റ് നല്കുമോ എന്നത് സംബന്ധിച്ചും വ്യക്തമാക്കണം. സംസ്ഥാന സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിന് മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. എസ്.സി.പി.-റ്റി.എസ്.പി. തുകകൾ പൂർണ്ണമായും ചെലവഴിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുകയും കിഫ്ബി ഫണ്ട് വഴി

പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യണം. മോഡൽ റസിഡൻഷ്യൽ സ്കൂളുകളും, പോസ്റ്റ് മെട്രിക്, പ്രീ-മെട്രിക് ഹോസ്റ്റലുകളും നവീകരിക്കുന്നതിനുള്ള പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും വിദ്യാഭ്യാസ വായ്പയിൽനിന്നും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും രക്ഷിക്കാനുള്ള നിർദ്ദേശം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും സ്വാഗതാർഹമാണ്. എഡ്യൂക്കേഷണൽ ലോൺ റീ-പേയ്മെന്റ് സപ്പോർട്ട് സ്കീം വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനമുണ്ടാകത്തക്കവിധം നടപ്പാക്കണം. ഭൂരഹിതരുടെയും പട്ടയമില്ലാത്തവരുടെയും ഉടമസ്ഥാവകാശമില്ലാതെ പട്ടയം കൈവശം വച്ചിട്ടുള്ളവരുടെയും ഭൂമി കൈമാറ്റം ചെയ്ത് ലഭിച്ചിട്ടും അതനുസരിച്ച് ക്രമീകരണം നടത്താൻ സാധിക്കാത്തവരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിന്റെ മാനവശേഷി വികസനം ലോക നിലവാരത്തിലേയ്ക്ക് ഉയർന്നിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. മൺപാത്ര-ഈറ്റത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന്

പ്രത്യേക ഫണ്ടും പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തണം. വിവിധ ക്ഷേമനിധി ബോർഡുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക വർദ്ധിപ്പിക്കണം. ചിറയിൻകീഴ് മണ്ഡലത്തിലെ ഒരു റോഡെങ്കിലും നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തുകയും ബീച്ച്, കടൽ, കായൽ പ്രദേശങ്ങളെ ഉൾപ്പെടുത്തി സമർപ്പിച്ചിരിക്കുന്ന ടൂറിസം പ്രോജക്ട് പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിക്കുകയും ചെയ്യണം.

<u>ശ്രീ. വി. ഡി. സതീശൻ</u> : ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിലെ പ്രധാനപ്പെട്ട വിശദാംശങ്ങൾ ചോർത്തിക്കൊടുത്ത് സർക്കാർ ബഡ്ജറ്റിന്റെ ഗ്രേസ് തകർത്തിരിക്കുകയാണ്. പദ്ധതി അടങ്കലിനേക്കാൾ വലിയ തുക പാരലൽ സംവിധാനമായി കിഫ്ബിയിൽ വച്ചിരിക്കുകയാണ്. കിഫ്ബിയിലെ നിക്ഷേപമായി വരുന്ന തുക ഭരണഘടനയുടെയും എഫ്.ആർ.ബി.എം. ആക്ടിന്റെയും ഫ്രെയിമിന് പുറത്താണ് നിൽക്കുന്നത്. ഇതിലൂടെ 40,000 കോടി രൂപയുടെ ബാദ്ധ്യത വരുമ്പോൾ ധനക്കമ്മിയും

റവന്യൂ കമ്മിയും വർദ്ധിക്കും. പ്ലാൻ ദുർബലമാക്കി കിഫ്ബിയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഭരണഘടനയെയും നിയമനിർമ്മാണത്തെയും കബളിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് ആർ.ബി.ഐ., സി.&എ.ജി., ട്രഷറി വകുപ്പ് എന്നീ നിലവിലുള്ള സംവിധാനങ്ങളെ തകർക്കുന്നതിനിടയാക്കും. ഈ ബഡ്ജറ്റിൽ യാഥാർത്ഥ്യങ്ങളെ പൂർണ്ണമായി മറച്ചുവച്ചിരിക്കുകയാണ്. 2015-16-നേക്കാൾ പ്രൈമറി ഡെഫിസിറ്റും റവന്യൂ കമ്മിയും ധന കമ്മിയും വർദ്ധിപ്പിക്കുകവഴി സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി അപകടകരമായ അവസ്ഥയിലേയ്ക്കാണ് പോകുന്നതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കഴിഞ്ഞ സർക്കാർ പ്രതിശീർഷ വരുമാനം വർദ്ധിപ്പിച്ചു. കേന്ദ്ര സർക്കാർ നോട്ട് പിൻവലിച്ചതിന്റെ പ്രതിസന്ധി അതിജീവിക്കാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലെ 90% കാര്യങ്ങളും നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. ഭരണഘടനാവിരുദ്ധവും നിയമത്തിന്റെ പിൻബലമില്ലാത്തതുമായ നിർദ്ദേശങ്ങളടങ്ങിയ ഈ ബഡ്ജറ്റ് സംസ്ഥാനത്തിന്റെ

ധനസ്ഥിതിയെ കൂടുതൽ അഗാധമായ കയങ്ങളിലേയ്ക്ക് തള്ളിവിടുന്നതാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രതിപക്ഷത്തിന് പ്രതിഷേധിക്കാനുള്ള അവസരംപോലും ജനകീയ ബഡ്ജറ്റിലൂടെ ഇല്ലാതായിരിക്കുകയാണ്. കടമെടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണമുള്ള സാഹചര്യത്തിൽ ബഡ്ജറ്റിനുപുറത്ത് പണം കണ്ടെത്തി വികസന പ്രവർത്തനങ്ങൾ നടത്താനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. തീരദേശ ഹൈവേയ്ക്കാവശ്യമായ തുക നീക്കി വച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള പ്രായോഗിക സമീപനം സ്വീകരിച്ചിരിക്കുന്നതോടൊപ്പം കേരളത്തെ പുതുക്കിപ്പണിയാനുള്ള ധീരമായ ശ്രമമാണ് ബഡ്ജറ്റിലൂടെ നടത്തിയിട്ടുള്ളത്. നവകേരള മിഷന് തുടക്കം കുറിച്ച സർക്കാർ സർവ്വമേഖലകളെയും സ്പർശിക്കുന്ന ബഡ്ജറ്റാണിവിടെ അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ മാൻഹോളുകളുടെയും സെപ്റ്റിക് ടാങ്കുകളുടെയും ശുചീകരണം യന്ത്രവത്കരിക്കുന്നതിന് തുക വകയിരുത്തിയത് സ്വാഗതാർഹമാണ്.

കാർഷിക മേഖലയ്ക്ക് 1,241 കോടി രൂപ നീക്കിവച്ചതിനു പുറമെ മൂന്നുകോടി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നിർദ്ദേശവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തെ ജൈവകൃഷിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കാനുതകുന്ന ഒട്ടേറെ ക്രിയാത്മകമായ നിർദ്ദേശങ്ങളും ബഡ്ജറ്റിലുണ്ട്. ആർദ്രം പദ്ധതിയിലൂടെ നൂറുകണക്കിന് അദ്ധ്യാപകരുടെയും 1,309 ഡോക്ടർമാരുടെയും 4,484 സ്റ്റാഫ് നഴ്സിന്റെയും തസ്തികകൾ ഉൾപ്പെടെ പതിനായിരത്തിലേറെ തസ്തികകൾ ആരോഗ്യ മേഖലയിൽ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും താലൂക്കാശുപത്രികളെ സ്പെഷ്യലിസ്റ്റ് ആശുപത്രികളുമാക്കി മാറ്റുന്നതിനും എല്ലാ താലൂക്കുകളിലും ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും സ്വാഗതാർഹമാണ്. എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായി ലൈഫ് മിഷനിലൂടെ സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കാൻ പോകുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ

വിഭാഗങ്ങൾക്കായി ഏറ്റവും കൂടുതൽ ബഡ്ജറ്റ് വിഹിതം നീക്കിവച്ച സർക്കാരാണിത്. വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ എട്ട് മുതൽ പന്ത്രണ്ടുവരെയുള്ള 45,000 ക്ലാസ് മുറികളെ ഹൈടെക് ആക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. 2013-ൽ ആരംഭിച്ച ഹയർ സെക്കൻഡറി ബാച്ചുകൾക്കാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും സ്ത്രീസുരക്ഷയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് 52 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ചെറുതാഴം, കുഞ്ഞിമംഗലം പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ തുക അനുവദിക്കണം. ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരാതിരിക്കാനും സംസ്ഥാന താല്പര്യം സംരക്ഷിക്കാനും പ്രത്യേക ശ്രദ്ധ കാണിച്ച ധനകാര്യ വകുപ്പുമന്ത്രി അഭിനന്ദനം അർഹിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u> : ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ വർഷം നബാർഡ് നൽകിയ 4,000 കോടി രൂപ മാത്രമാണ് കിഫ്ബി വഴി സമാഹരിക്കാൻ സാധിച്ചത്. കിഫ്ബി വഴി വന്ന പ്രൊപ്പോസലുകളിൽ

പലതും വിജിലൻസ് പരിശോധനയ്ക്കായി പോയിരിക്കുന്ന സാഹചര്യത്തിൽ അവ എങ്ങനെ നടപ്പാക്കാൻ സാധിക്കുമെന്നും പുതുതായി 40,000 കോടി രൂപയുടെ പദ്ധതികൾ എങ്ങനെ നടപ്പാക്കുമെന്നും ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കണം. വിദേശ മലയാളികളിൽനിന്നും സമാഹരിക്കാൻ ഉദ്ദേശിക്കുന്ന തുകയ്ക്ക് പലിശ പോലും നൽകാൻ സാധിക്കാത്ത അവസ്ഥയാണ്. തൊഴിൽ രഹിതർക്ക് നൽകുന്ന തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിൽ ഇല്ല. പദ്ധതി നടത്തിപ്പ് യാഥാർത്ഥ്യ ബോധത്തോടെയായിരിക്കണം. ഭാവനാസമ്പന്നവും എന്നാൽ യാഥാർത്ഥ്യബോധം ഉൾക്കൊള്ളാൻ കഴിയാത്തതുമായ ബഡ്ജറ്റാണിത്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണിവിടെ അവതരിപ്പിച്ചിരിക്കുന്നത്. വികസന കാര്യങ്ങളിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ബഡ്ജറ്റിൽ ഒരുപോലെ പരിഗണന നൽകിയിട്ടുണ്ട്. ഭൂരഹിതരും ഭവനരഹിതരുമായ ആളുകൾക്ക് ഭൂമിയും പാർപ്പിടവും നൽകുന്ന ലൈഫ് പദ്ധതിയും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷികമേഖലയ്ക്ക്

മികച്ച വിഹിതം നീക്കിവയ്ക്കുന്നതിനുമുള്ള ശ്രമങ്ങളും സ്വാഗതാർഹമാണ്. ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഖലയിൽ ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ആശുപത്രികളെ രോഗീസൗഹൃദകേന്ദ്രങ്ങളാക്കി മാറ്റാനുമുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. സർക്കാർ/എയ്ഡഡ് സ്കൂളുകളെ ഹൈടെക് സ്കൂളുകളാക്കി മാറ്റാനുള്ള ശ്രമം പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് വലിയ ഉണർവേകും. ജലസേചനത്തിനും കുടിവെള്ളത്തിനുമായി നിരവധി പദ്ധതികൾ നടപ്പാക്കാനുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണ്. അടൂർ നിയോജകമണ്ഡലത്തിലെ മുല്ലോട്ട് ഡാം സംരക്ഷിക്കുന്നതിനുള്ള പ്രോജക്ട് അംഗീകരിച്ച് തുക അനുവദിക്കുന്നതിനും ആശാവർക്കർമാരുടെ വേതനം 10000 രൂപയായും കർഷകത്തൊഴിലാളി പെൻഷൻ 3000 രൂപയായും വർദ്ധിപ്പിക്കുന്നതിനും കർഷകത്തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. നാണു</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സ്കൂൾ

കുട്ടികൾക്ക് കൈത്തറി യൂണിഫോം ഏർപ്പെടുത്തികൊണ്ട് കൈത്തറി മേഖലയെ അഭിവൃദ്ധിപ്പെടുത്താനുള്ള ശ്രമം അഭിനന്ദനാർഹമാണ്. ടൂറിസം മേഖലയെ വിപുലപ്പെടുത്താനുള്ള ശ്രമം ഊർജ്ജിതപ്പെടുത്തുന്നതോടൊപ്പം ആയുർവേദത്തെ മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള ശ്രമവുമുണ്ടാകണം. നെൽകൃഷി വ്യാപിപ്പിക്കാനും ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കാനുമുള്ള ശ്രമങ്ങൾ കാർഷിക മേഖലയ്ക്ക് ഉണർവേകിയിട്ടുണ്ട്. വടകര നിയോജകമണ്ഡലത്തിലെ കളരി അക്കാദമിക്ക് പ്രോത്സാഹനം നൽകുന്നതിനും കുറ്റ്യാടി ജലസേചന പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും നടപടിയുണ്ടാകണം. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കാനുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണ്. സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കേരളത്തെ രക്ഷിക്കാനുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രമങ്ങൾക്ക് എല്ലാവരും പിന്തുണ നൽകണം. മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആത്മാർത്ഥമായ പരിശ്രമമുണ്ടാകണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : ബഡ്ജറ്റിനെ എതിർക്കുന്നു. കാരുണ്യ

പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിനും റേഷൻ സമ്പ്രദായം പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. രാജഗോപാലൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അഴിമതിക്കെതിരെ സർക്കാർ സ്വീകരിക്കുന്ന ശക്തമായ നിലപാടിനെ സ്വാഗതം ചെയ്യുന്നു. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച എല്ലാ പദ്ധതികൾക്കും ധനകാര്യ പിന്തുണ ഉറപ്പുവരുത്തുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ജൻഡർ ബഡ്ജറ്റ് പുനഃസ്ഥാപിച്ചതിനേയും സ്ത്രീ സുരക്ഷയ്ക്ക് പ്രത്യേക പരിഗണന നൽകിയ നടപടിയേയും സ്വാഗതം ചെയ്യുന്നു. സമ്പൂർണ്ണ സാമൂഹികസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതർക്ക് വീട് നൽകുമെന്ന പ്രഖ്യാപനവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയതും സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്ന നടപടികളാണ്. കെ.എസ്.ആർ.ടി.സി.-യുടെ പശ്ചാത്തലസൗകര്യ വികസനത്തിന് തുക വകയിരുത്തിയതും 60 വയസ്സുകഴിഞ്ഞ അർഹരായ എല്ലാവർക്കും സാമൂഹ്യസുരക്ഷാ പെൻഷൻ ഏർപ്പെടുത്തിയതും

ശ്ലാഘനീയമാണ്. ജില്ലാ ആശുപത്രികളുടെ പദവി സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഉയർത്തുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. കിഫ്ബിയുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ അടിസ്ഥാനരഹിതമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വിദ്യാഭ്യാസരംഗത്തെ കച്ചവടവത്കരിക്കുന്ന നടപടികളാണ് സ്വീകരിച്ചിരുന്നത്. സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിച്ചതും ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ജില്ലാതല ക്വാളിറ്റി അഷ്വറൻസ് സർക്കിളുകൾ രൂപീകരിക്കുന്നതിന് തുക വകയിരുത്തിയതും എഡ്യൂക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം നടപ്പാക്കാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. സ്കൂൾ വിദ്യാഭ്യാസത്തിന് 863 കോടി രൂപ വകയിരുത്തിയ നടപടി പ്രശംസനീയമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എസ്.എസ്.എ.-യ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതമടക്കം 826 കോടി രൂപയുടേയും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന് 265 കോടി രൂപയുടേയും

അടങ്കൽത്തുക പ്രഖ്യാപിച്ചത് ഈ ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയ്ക്ക് നൽകുന്ന പ്രാധാന്യത്തെ വ്യക്തമാക്കുന്നതാണ്. ബഡ്ജറ്റിൽ പ്രവാസി മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. നോർക്കയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 61 കോടി രൂപ വകയിരുത്തിയതും ഗൾഫിൽ നിന്നും തിരിച്ചുവരുന്നവർക്കുള്ള സാന്ത്വനം പദ്ധതിക്ക് 13 കോടി രൂപ അനുവദിച്ചതും പ്രവാസി ക്ഷേമ പെൻഷൻ 2000 രൂപയായി വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്. വിദേശ മലയാളികൾക്ക് കേരളത്തിൽ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി 'ലോക കേരള സഭ' രൂപീകരിക്കുന്നതോടൊപ്പം ഗ്ലോബൽ കേരള കൾച്ചറൽ സമ്മേളനങ്ങൾ നടത്തുന്നതിനായി 6.5 കോടി രൂപ വകയിരുത്തിയതും ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പ്രത്യേക ഭാഷാ സ്ഥാപനങ്ങൾക്ക് രൂപം നൽകുമെന്ന പ്രഖ്യാപനവും കൊങ്കിണി, തുളു സാഹിത്യ അക്കാദമിക്കും യക്ഷഗാന അക്കാദമിക്കും തുക വകയിരുത്തിയതും മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരകത്തിന് ഒരു കോടി രൂപ നീക്കിവച്ചതും എൻഡോസൾഫാൻ പാക്കേജിന് 10 കോടി രൂപ

വകയിരുത്തിയതും സ്വാഗതാർഹമാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പല പദ്ധതികളും ബഡ്ജറ്റിൽ വാഗ്ദാനങ്ങൾ മാത്രമായി അവശേഷിക്കുകയാണ്. ഈ സാമ്പത്തിക വർഷം പദ്ധതി ചെലവ് മുപ്പത്തിയഞ്ചു ശതമാനം മാത്രമാണ്. കാസർഗോഡ് ജില്ലയ്ക്ക് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല. കുടിവെള്ള പദ്ധതിക്കും റോഡുകളുടെ വികസനത്തിനും തുകയൊന്നും വകയിരുത്തിയിട്ടില്ല. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഏരിയയിലേക്കുള്ള ലൈറ്റ്ഹൗസ്-പള്ളം റോഡ് നവീകരിക്കുന്നതിനും കാസർഗോഡ് പാക്കേജിനും മതിയായ തുക അനുവദിക്കണം. കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ മംഗലാപുരത്തെ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തണം.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വിഭവസമാഹരണത്തിന് ഊന്നൽ നൽകിക്കൊണ്ടും നികുതിഭാരം ജനങ്ങളിലടിച്ചേൽപ്പിക്കാതെയും സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ള ഒരു ജനക്ഷേമ ബഡ്ജറ്റാണ് ഇവിടെ

അവതരിപ്പിച്ചിട്ടുള്ളത്. പശ്ചാത്തല സൗകര്യ വികസനത്തിനും ജനക്ഷേമ പദ്ധതികൾക്കും പൊതുവിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യ പദ്ധതികൾക്കും ഊന്നൽ നൽകുന്ന ധാരാളം പ്രഖ്യാപനങ്ങൾ ബഡ്ജറ്റിലുണ്ട്. വിലക്കയറ്റം നേരിടുന്നതിനും സ്ത്രീ ശാക്തീകരണത്തിനും പരമ്പരാഗത തൊഴിൽ മേഖലയുടെ സംരക്ഷണത്തിനും വൈവിദ്ധ്യവത്ക്കരണത്തിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അർഹമായ പരിഗണന നൽകിയിട്ടുണ്ട്. കിഫ്ബി സംസ്ഥാനത്തെ ഏറ്റവും വലിയ നിക്ഷേപ പദ്ധതിയായി മാറിയിരിക്കുകയാണ്. ജനകീയ ഇടപെടലിലൂടെ കൃഷി സംസ്കാരത്തിന്റെ ഭാഗമാണെന്ന അവബോധം സൃഷ്ടിക്കുന്നതിനും കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണത്തോടൊപ്പം നെല്ല്, പച്ചക്കറി എന്നിവയുടെ സംഭരണത്തിനും ബഡ്ജറ്റ് വിഹിതം അനുവദിച്ച നടപടി ശ്ലാഘനീയമാണ്. കെടുകാര്യസ്ഥതയും ധൂർത്തുംമൂലം നഷ്ടത്തിലായിരുന്ന പൊതുമേഖലാ

സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള പ്രവർത്തനങ്ങളും കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിനായി ബഡ്ജറ്റിൽ 3000 കോടി രൂപ വകയിരുത്തിയ നടപടിയും അഭിനന്ദനാർഹമാണ്. തോട്ടണ്ടി സംഭരണത്തിനും സ്വകാര്യ കശുവണ്ടി ഫാക്ടറികളെ സഹായിക്കുന്നതിനും കയർ വ്യവസായത്തിനുള്ള അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. പ്രവാസികളുടെ ക്ഷേമ പെൻഷൻ 2,000/- രൂപയായി വർദ്ധിപ്പിച്ച നടപടി പ്രശംസനീയമാണ്. ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യുമെന്നും ആരോഗ്യ മേഖലയിൽ ഡോക്ടർമാരുടേതുൾപ്പെടെ 5257 തസ്തികകൾ സൃഷ്ടിക്കുമെന്നും എല്ലാ സർക്കാർ ആശുപത്രികളിലും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുമെന്നുമുള്ള പ്രഖ്യാപനങ്ങളെ സ്വാഗതം ചെയ്യുന്നു. ജനകീയ ഇടപെടലിലൂടെ പൊതുവിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലെത്തിക്കുന്നതിനുള്ള വിദ്യാഭ്യാസ സംരക്ഷണയജ്ഞ പദ്ധതിയോടൊപ്പം പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തി

വിദ്യാലയങ്ങളുടെ ഭൗതിക പുരോഗതി വർദ്ധിപ്പിച്ച് അവയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിക്കും ആരോഗ്യ സംരക്ഷണത്തിനുള്ള ആർദ്രം പദ്ധതിക്കും ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. രാജ്യത്ത് നിലനിന്നിരുന്ന പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുകയും സമൂഹത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്നതുമായ ബഡ്ജറ്റാണിത്. കിഫ്ബിയിൽ ഉൾപ്പെടുത്തി മലയോര തീരദേശ ഹൈവേകൾ നിർമ്മിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പുതിയ റോഡുകളും പാലങ്ങളുമുൾപ്പെടെ പശ്ചാത്തല വികസന രംഗത്ത് ഒട്ടേറെ പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വിദഗ്ദ്ധ സർവ്വേയും ഡി.പി.ആറും തയ്യാറാക്കുന്നതിലുള്ള കാലതാമസം കുറയ്ക്കുന്നതിനും കർഷക പെൻഷനുമായി ബന്ധപ്പെട്ട കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കുന്നതിനും നടപടിയുണ്ടാകണം. സ്ത്രീ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി പിങ്ക് കൺട്രോൾ റൂമുകൾ, സ്വയം പ്രതിരോധ പരിശീലനത്തിന് സഹായം, ഷെൽട്ടർ ഹോമുകൾ, ഷോർട്ട് സ്റ്റേ

ഹോമുകൾ, വനിതാ ബെറ്റാലിയൻ പോലീസ്, വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്തുതല സന്ദർശനം, ലൈംഗിക അക്രമികളുടെ പബ്ലിക് രജിസ്റ്റർ, ഇരകളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും സഹായം എന്നിവ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. ഭിന്നശേഷിക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ബധിര-മൂകരേയും ഉൾപ്പെടുത്തണം. സബ് സെന്ററുകൾവഴി ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യുമെന്ന പ്രഖ്യാപനം പ്രശംസനീയമാണ്. കിഫ്ബിയുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ അടിസ്ഥാന രഹിതമാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കിഫ്ബിയിലൂടെ നടപ്പാക്കുമെന്ന് പറഞ്ഞ പദ്ധതികളൊന്നും പ്രാവർത്തികമാക്കിയിട്ടില്ല. റവന്യൂ വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങളോ നികുതിയേതര വരുമാനത്തെക്കുറിച്ചോ പരാമർശിക്കാത്ത ബഡ്ജറ്റാണിത്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം

നവീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബഡ്ജറ്റിലില്ല. ന്യൂനപക്ഷ വിഭാഗങ്ങളെയും സാമൂഹ്യക്ഷേമ മേഖലയെയും അവഗണിച്ചിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണെങ്കിലും ഇന്ന് പൊതുവിദ്യാഭ്യാസ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കോ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പുന:സംഘടിപ്പിക്കുന്നതിനോ ഉള്ള പരിഹാര നിർദ്ദേശങ്ങളൊന്നുംതന്നെ ബഡ്ജറ്റിലില്ല. പ്രവാസികളുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചും കഴിഞ്ഞ പ്രാവശ്യം ഫണ്ട് അനുവദിക്കുമെന്ന് പറഞ്ഞ ചീക്കോട് കുടിവെള്ള പദ്ധതിയെ സംബന്ധിച്ചും ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല.

<u>ശ്രീ. എം. മുകേഷ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തികഞ്ഞ ധനകാര്യ മാനേജ്മെന്റിലൂടെ യാഥാർത്ഥ്യബോധത്തോടും സാമൂഹ്യ പ്രതിബദ്ധതയോടും കൂടിയാണ് ധനകാര്യ വകുപ്പുമന്ത്രി ധനപ്രതിസന്ധി മറികടക്കുന്നത്. ഹരിത കേരളം, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ആർദ്രം പദ്ധതികളുടെ നടത്തിപ്പിനായി മികച്ച

വിലയിരുത്തലുകളാണ് നടത്തിയിട്ടുള്ളത്. ബഡ്ജറ്റിന് പുറമെയുള്ള ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. പ്രവാസി ചിട്ടി നടത്തിപ്പിലൂടെ മലയോര തീരദേശ ഹൈവേകളുടെ നിർമ്മാണത്തിന് 10,000 കോടി രൂപ സമാഹരിക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും ടൂറിസം വികസനത്തിനും മുന്തിയ പരിഗണനയാണ് ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. 60 വയസ് കഴിഞ്ഞ എല്ലാവർക്കും പെൻഷൻ, പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന, ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി 250 കോടി രൂപ, മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസ സമാശ്വാസം, വർദ്ധിപ്പിച്ച നിരക്കിലുള്ള അപകട ഇൻഷ്വറൻസ്, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം, ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ തുടങ്ങിയ പ്രഖ്യാപനങ്ങളും പൗരൻമാരുടെ ആരോഗ്യ ഡാറ്റാ ബാങ്ക് രൂപീകരിക്കാനുള്ള നിർദ്ദേശവും സ്വാഗതാർഹമാണ്. 1000 കോടി രൂപയുടെ ചികിത്സാ സഹായ പദ്ധതി, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

വികസിപ്പിക്കൽ, അഗതിരഹിത സംസ്ഥാനം എന്ന പ്രഖ്യാപനം, എൻഡോസൾഫാൻ ദുരിതബാധിതർക്ക് 10 കോടി രൂപ, ആരോഗ്യ മേഖലയുടെ നവീകരണം എന്നീ പ്രഖ്യാപനങ്ങളും അഭിനന്ദനാർഹമാണ്. സ്ത്രീ സുരക്ഷയെ മുൻനിർത്തിയുള്ള ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ പ്രശംസനീയമാണ്. കലാ/സാംസ്കാരിക മേഖലയ്ക്ക് പ്രാധാന്യം നൽകുകയും വിവിധ അക്കാദമികൾക്കുള്ള സഹായം 50 ശതമാനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക തീയേറ്റർ സമുച്ചയങ്ങൾക്കായി 100 കോടി രൂപ, 1000 യുവ കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ്, വാണിജ്യാടിസ്ഥാനത്തിൽ നാടകപ്രദർശനത്തിനുള്ള സ്ഥിരം നാടകവേദി, ഒ.എൻ.വി. സാംസ്കാരിക സമുച്ചയത്തിന് 5 കോടി രൂപ എന്നീ പ്രഖ്യാപനങ്ങളും സ്വാഗതാർഹമാണ്. നാടകവും കഥാപ്രസംഗവുമുൾപ്പെടെ പരമ്പരാഗത കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക പിന്തുണയും ജീവിത സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം. മാധ്യമങ്ങൾക്കായി തയ്യാറാക്കിയ ബഡ്ജറ്റിനെ മുൻനിർത്തിയുള്ള

വാർത്താക്കുറിപ്പിനെ ബഡ്ജറ്റ് രേഖയായി കണക്കാക്കി ബഡ്ജറ്റ് ചോർച്ചയുണ്ടായെന്നു പറയുന്നത് ശരിയല്ല. മുൻകാല സർക്കാർ വൻകിട ലോബികൾക്ക് ബഡ്ജറ്റ് വിറ്റുവെന്ന ആക്ഷേപമുണ്ടായിട്ടുണ്ട്. വികസന ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളായ സാധാരണക്കാരുടെ ആത്മസംതൃപ്തിയാണ് ഈ ബഡ്ജറ്റിന്റെ പരിശുദ്ധി.

ശ്രീ. ഷാഫി പറമ്പിൽ: ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാകുമോയെന്ന പ്രതിപക്ഷത്തിന്റെ ആശങ്കയ്ക്ക് വ്യക്തമായ കാരണമുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ നെല്ല് സംഭരണവില ലഭിക്കാൻ മാസങ്ങൾ കാത്തിരിക്കേണ്ട അവസ്ഥയുണ്ടായപ്പോൾ കാർഷിക സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് പരിഹാരമുണ്ടാക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും കേന്ദ്ര ഗവൺമെന്റ് കൊടുത്ത സംഭരണ വിലപോലും കർഷകരിലേയ്ക്ക് സമയബന്ധിതമായി എത്തിക്കാൻ സർക്കാരിന് സാധിച്ചില്ല. ഇപ്പോഴും വലിയ പ്രഖ്യാപനങ്ങളാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ ബഡ്ജറ്റിൽ പാലങ്ങൾ, ബൈപാസ്സുകൾ തുടങ്ങി നിരവധി പ്രഖ്യാപനങ്ങൾ നടത്തിയെങ്കിലും അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി പീഡനകേസുകൾ ഉണ്ടായിട്ടുണ്ട്. സാധനങ്ങളുടെ വിലക്കയറ്റം വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. സാധനങ്ങൾക്ക് വില വർദ്ധിക്കില്ലെന്ന് പറഞ്ഞ വകുപ്പുമന്ത്രിതന്നെ വിലക്കയറ്റമുണ്ടായെന്ന് സമ്മതിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകാൻ സാധിച്ചു. വിലക്കയറ്റം, സ്ത്രീസുരക്ഷ, കേരളത്തിന്റെ വികസനം, ക്ഷേമപ്രവർത്തനങ്ങൾ എന്നീ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ഗവൺമെന്റിന് വീഴ്ച സംഭവിച്ചിരിക്കുന്നു. പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ ഗവൺമെന്റിന് വീഴ്ചവന്നിട്ടുണ്ട്. നികുതി ചുമത്തിയത് സംബന്ധിച്ചും പരാതികളുണ്ട്. ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കണം. പി.എസ്.സി. നിയമനങ്ങളിൽ റിക്കാർഡ് നേട്ടം കൈവരിക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരള

ചരിത്രത്തിൽ ആരും പരീക്ഷിക്കാൻ ധൈര്യപ്പെടാത്ത ഒരു പുതിയ പാത വെട്ടിത്തുറന്നുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചത്. വിവിധ പുരോഗതികൾക്ക് വഴിതുറക്കുന്ന ബഡ്ജറ്റിന്റെ ശോഭ കെടുത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ബഡ്ജറ്റ് ചോർച്ച പലപ്പോഴും ഉണ്ടായിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം പത്രങ്ങൾക്ക് കൊടുക്കാൻ തയ്യാറാക്കിയ വിവരങ്ങൾ ഒന്നര മണിക്കൂറിനുശേഷം ഓൺലൈനിലൂടെ പുറത്തുവന്നുവെന്നാണ് പ്രതിപക്ഷം ആരോപണമുന്നയിക്കുന്നത്. ഇതിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് നേരിട്ടോ അല്ലാതെയോ യാതൊരു ബന്ധവുമില്ല. ഇന്ത്യൻ സാമ്പത്തിക രംഗം മൗലികമായ പല മാറ്റങ്ങളിലൂടെയും കടന്നുപോകുന്ന ഒരു ഘട്ടമാണിത്. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിർദ്ദേശിക്കുന്നതിനുള്ള അധികാരം നഷ്ടപ്പെടുകയും കേന്ദ്ര നിയന്ത്രണത്തിലുള്ള മോണിറ്ററി പോളിസി സംസ്ഥാനങ്ങൾക്ക് ദുരിതം വിതയ്ക്കുകയുമാണ്. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് ബഡ്ജറ്റിലുള്ള സ്വാതന്ത്ര്യത്തെ

പരിമിതപ്പെടുത്തുന്നു. കേരള വികസന മോഡലിന്റെ പ്രധാനപ്പെട്ട ഘടകങ്ങളായ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളെ സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് ബോധപൂർവ്വമായ ശ്രമമാണ് ബഡ്ജറ്റിലൂടെ നടത്തിയിട്ടുള്ളത്. മലയോര-തീരദേശ ഹൈവേകൾ വികസന സ്വപ്നങ്ങൾക്ക് കരുത്തേകുന്നവയാണ്. കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ കടം എടുക്കാതെ മുന്നോട്ടുപോകാൻ കഴിയില്ല. 5 ശതമാനം സാമ്പത്തിക വളർച്ച നേടിയാൽ ഈ കടം തിരിച്ചടയ്ക്കാൻ സാധിക്കും. അതിനാണ് കിഫ്ബി വിഭാവന ചെയ്തിരിക്കുന്നത്. ദുർബല വിഭാഗങ്ങൾക്ക് പരിഗണന നൽകിയും പെൻഷൻ വർദ്ധിപ്പിച്ചും അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുമുള്ള ബഡ്ജറ്റാണിത്.

## X അറിയിപ്പ്

<u>വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള പ്രഭാഷണ പരമ്പര</u>

<u>മി.സ്പീക്കർ:</u> നിയമസഭയുടെ അറുപതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 07.03.2017-ന് 'ഫെഡറലിസം സാധ്യതകളും വെല്ലുവിളികളും'

എന്ന വിഷയത്തെ സംബന്ധിച്ച് ശ്രീ. സീതാറാം യെച്ചൂരി ആദ്യ പ്രഭാഷണം നടത്തുന്നതും തുടർന്ന് സംഗീതനിശയും അംഗങ്ങൾക്ക് റിഫ്രഷ്മെന്റും ഉണ്ടായിരിക്കുന്നതാണ്. തുടർ മാസങ്ങളിൽ സർവ്വശ്രീ കപിൽ സിബൽ, അരുൺ ജെയ്റ്റ്ലി, ജയറാം രമേശ്, സുധാകർ റെഡ്ഡി തുടങ്ങിയ ദേശീയ നേതാക്കൾ പ്രഭാഷണം നടത്തുന്നതുമാണ്.

(സഭ ഉച്ചയ്ക്കുശേഷം 3.22 -ന് പിരിഞ്ഞു)